# കേരള സർവകലാശാല

നം. പി.ആർ.004/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എസ്‌സി മാത്തമാറ്റിക്സ് ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ/ജൂലൈയിൽ നടത്തിയ ഒന്ന്, രണ്ട് വർഷ എം.എസ്‌സി മാത്തമാറ്റിക്സ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഫലം

കേരള സർവകലാശാല കാര്യവട്ടം എൽ.എൻ.സി.പി.ഇയിൽ നടത്തിയ എം.ഫിൽ ഫിസിക്കൽ എഡ്യൂക്കേഷൻ (2014-15) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### ബി.എസ്‌സി ഫിസിക്സ് & കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഫലം

കേരള സർവകലാശാല 2015 ജൂണിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.എസ്‌സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2013 അഡ്മിഷൻ - റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 18 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### ബി.എ.എം.എസ് പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി 29-ന് തുടങ്ങുന്ന മൂന്നാം പ്രൊഫഷണൽ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 11 (50 രൂപ പിഴയോടെ ഫെബ്രുവരി 15, 250 രൂപ പിഴയോടെ ഫെബ്രുവരി 17) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 300 രൂപ അടയ്ക്കണം.

### ബി.എച്ച്.എം ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി 15-ന് തുടങ്ങുന്ന ഏഴാം സെമസ്റ്റർ, ഫെബ്രുവരി 16-ന് തടങ്ങുന്ന അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി 2006 സ്കീം പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പെൻഷൻ: രേഖകൾ സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2015-16 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2016 ഫെബ്രുവരി 15-നകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായതികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. സ്റ്റേറ്റ്മെന്റിന്റെ മാതൃകയും വിവരങ്ങളും വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും.

പെൻഷൻ നമ്പരും ജനന തീയതിയും ഉപയോഗിച്ച് പെൻഷൻ സ്പോട്ട് സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ ശേഖരിക്കാം.

## ദേശീയ സെമിനാറിന്റെ സംഘാടക സമിതി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 11, 12 തീയതികളിൽ റിഫൈനിംഗ് ആൻഡ് റീഡിഫൈനിംഗ് കൗൺസിലിംഗ് എന്ന വിഷയത്തിൽ സർവകലാശാല സെനറ്റ് ചേംബറിൽ നടക്കുന്ന ദേശീയ സെമിനാറിന്റെ സംഘാടക സമിതി രൂപീകരിച്ചു. ചെയർപേഴ്സണായി ഡോ.എ.ആർ സുപ്രിയയേയും (ഡയറക്ടർ, തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം), കൺവീനർമാരായി ബിന്ദു ജി.നായർ, ഹരികുമാർ എസ് എന്നിവരെയും ജോയിന്റ് കൺവീനർമാരായി ജോസഫ് ചെറിയാൻ, ഡോ. സിന്ധുജോയ് എന്നിവരടങ്ങിയ കമ്മിറ്റിയേയും തെരഞ്ഞെടുത്തു.

## ലോക തത്വശാസ്ത്രദിനം ആചരിച്ചു

കേരള സർവകലാശാല കാര്യവട്ടം വേദാനന്തപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലോകതത്വശാസ്ത്രദിനം ആചരിച്ചു. ജോയിന്റ് രജിസ്ട്രാർ എസ്. ശ്യാമള ആദ്ധ്യക്ഷം വഹിച്ച ചടങ്ങ് ശ്രീ തലനാട് ചന്ദ്രശേഖരൻ നായർ ഉദ്ഘാടനം ചെയ്തു. കോയമ്പത്തൂർ ചിന്മയ മിഷൻ മഠാധിപതി സ്വാമിനി വിമലാനന്ദ മുഖ്യപ്രഭാഷണം നടത്തി. വേദാന്തപഠനകേന്ദ്രം ഓണററി ഡയറക്ടർ ഡോ. സി.എൻ വിജയകുമാരി, ശ്രീമതി ശരണ്യ എന്നിവർ പങ്കെടുത്തു.

(ഒപ്പ്)
ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
04.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ